സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥിരം വനിതാ സബ്ഗ്രൂപ്പ് ആഫീസർമാർ, വനിത അക്കൗണ്ടന്റുമാർ എന്നിവരുടെ ആശൂല അവധി - ജീവനക്കാർക്ക് അഞ്ച് ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 8863/17/Est-I** നന്തൻകോട്,**12/10/2017**

---

പരാമർശം :- 1) തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് ജനറൽ സെക്രട്ടറിയുടെ 03-4-2017 ലെ കത്ത്.

2) ഫിനാൻസ് & അക്കൗണ്ട്സ് ആഫീസറുടെ 09-5-2017 ലെ FAO 238/17/IAD നമ്പർ അഭിപ്രായം.

3) ദേവസ്വം കമ്മീഷണറുടെ 22-5-2017 ലെ ROC 7605/17/Est(C) നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിവിധ ക്ഷേത്രങ്ങളിൽ ജോലി നോക്കുന്ന വനിതാ സബ്ഗ്രൂപ്പ് ആഫീസർമാർ, വതിനാ അക്കൗണ്ടന്റ്മാർ എന്നിവരുടെ ആശൂല അവധി ദിവസങ്ങൾ, സ്പെഷ്യൽ കാഷ്വൽ ലീവ് എന്നിവ സംബന്ധിച്ച് വ്യക്തമായ ഉത്തരവില്ലെന്നും ടി ജീവനക്കാർ പൊതു അവധി ദിവസങ്ങളിലും ജോലി നോക്കിവരുന്നതിനാലും ഇവരുടെ സ്പെഷ്യൽ കാഷ്വൽ ലീവിന് പകരംവ്യവസ്ഥ ചെലവെഴുതാത്തതുമായ സാഹചര്യത്തിലും ടി സ്പെഷ്യൽ കാഷ്വൽ ലീവ് അഞ്ച് ദിവസത്തെ ഡ്യൂട്ടി ലീവായി പരിഗണിക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് വിവരിച്ചുള്ള തിരുവിതാംകൂർ ദേവസ്വം എംപ്ലോയീസ് ഫ്രണ്ട് ജനറൽ സെക്രട്ടറിയുടെ പരാമർശം (1) കത്ത് ലഭിച്ചു.

വനിതാ ജീവനക്കാരിൽ 50 വയസ്സ് തികഞ്ഞിട്ടുള്ളതും സബ്ഗ്രൂപ്പ് ഭരണം നടത്തുന്നതിന് കാര്യക്ഷമത ഉണ്ടെന്ന് ബോദ്ധ്യമുള്ളവരേയും അവരുടെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ സബ്ഗ്രൂപ്പുകളിൽ നിയമിക്കുന്നതിന് ബോർഡ് ഉത്തരവുള്ള സാഹചര്യത്തിൽ ടി സംഗതി നയപരമായ വിഷയമാകയാൽ ബോർഡ്തലത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കണമെന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ പരാമർശം 2 ൽ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നും ടി പ്രകാരം തീരുമാനമെടുക്കണമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ പരാമർശം (3) റിപ്പോർട്ട് ലഭിച്ചു. ബോർഡ് ടി വിഷയം പരിശോധിച്ച് ചർച്ച ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥിരം വനിതാ സബ്ഗ്രൂപ്പ് ആഫീസർമാർ, വനിത അക്കൗണ്ടന്റുമാർ എന്നിവരുടെ ആശൂല അവധി അഞ്ച് ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ
(ഇൻ അഡീഷണൽ ചാർജ്ജ്)

(മറുപുറം)

EDP

പകർപ്പ് :-

1. എല്ലാ ആഫീസ്/ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. എസ്റ്റാ–2 സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

SK